പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4163

16-03-2017 ലെ മറുപടി

**ശുദ്ധജലക്ഷാമം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | ഈ വേനൽകാലത്ത് ശുദ്ധജലലഭ്യത ഉറപ്പുവരുത്താൻ ഓരോ ജില്ലയ്ക്കും അനുവദിച്ച ഫണ്ട് കൊണ്ട് ഏതുതരം പ്രവൃത്തികളാണ് സർക്കാർ ലക്ഷ്യം വെക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ)<br>&<br>(ബി) | **ജലസേചന വകുപ്പ്**<br>വരൾച്ച നേരിടുന്നതിനായി ഒരു ജില്ലയ്ക്കും പ്രത്യേക ഫണ്ട് അനുവദിച്ചിട്ടില്ല. ശുദ്ധജല ലഭ്യത ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ തടയണകൾ, വി.സി.ബി, ആർ.സി.ബി. ലിഫ്റ്റ് ഇറിഗേഷൻ എന്നിവ ജലസേചന വകുപ്പിന് വിവിധ പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ള സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കി വരുന്നു. കൂടാതെ കേന്ദ്ര സഹായം ലഭിക്കുന്നതിനായി താൽക്കാലിക തടയണകൾക്കും മറ്റ് അറ്റകുറ്റപണികൾക്കുമായി 9.38 കോടി രൂപയുടെ റിപ്പോർട്ട് ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ) വകുപ്പിന്റെ പരിഗണനയ്ക്കായി ജലസേചന വകുപ്പ് സമർപ്പിച്ചിട്ടുണ്ട്.<br>**കേരള ജല അതോറിറ്റി**<br>വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 40 കോടി രൂപ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് വിവിധ ജില്ലകളിലായി താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പാക്കിവരുന്നു.<br>1. സ്രോതസ്സുകളിലെ ജലലഭ്യത ഉറപ്പാക്കാൻ തടയണ നിർമ്മാണം അടക്കം ആവശ്യമുള്ള പ്രവൃത്തികൾ<br>2. ജലശുദ്ധീകരണശാലകളിലെ അടിയന്തിര അറ്റകുറ്റ പണികൾ<br>3. ജലവിതരണ പൈപ്പുകളുടെ ഇന്റർകണക്ഷൻ പ്രവൃത്തികൾ<br>4. ആവശ്യത്തിനു ജലലഭ്യത ഉള്ള സ്ഥലങ്ങളിൽ പമ്പിംഗ് സമയം ദീർഘിപ്പിക്കൽ<br>5. ടാങ്കർ ഫില്ലിങ്ങ് സ്റ്റേഷൻ നിർമ്മാണം<br>6. ജലലഭ്യതയുള്ള പദ്ധതികളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ |
| (ബി) | ഏതുതരം പ്രവൃത്തികളാണ് ഈ ഫണ്ട് കൊണ്ട് സർക്കാർ ലക്ഷ്യം വെക്കുന്നതെന്ന് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | 7. പമ്പുകളുടെയും മോട്ടോറുകളുടെയും അടിയന്തിര അറ്റകുറ്റ പണികൾ<br>8. സ്റ്റാൻഡ് ബൈ പമ്പ് സെറ്റുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ പമ്പുകൾ വാങ്ങി സ്ഥാപിക്കൽ<br>9. അടിയന്തിര അറ്റകുറ്റ പണികൾക്ക് ആവശ്യമായ ജോയിന്റുകൾ, ഫിറ്റിങ്ങുകൾ തുടങ്ങിയവ വാങ്ങിക്കൽ<br>10. ജലവിതരണ നിയന്ത്രണത്തിനായി പുതിയ വാൽവുകൾ സ്ഥാപിക്കലും നിയന്ത്രണ സംവിധാനങ്ങളും<br>11. ട്രാൻസ്ഫോർമറുകൾ, പാനൽ ബോർഡുകൾ തുടങ്ങിയ അനുബന്ധ വൈദ്യുതോപകരണങ്ങളുടെ അടിയന്തിര അറ്റകുറ്റ പണികൾ<br>12. വാൽവുകളുടെ അറ്റകുറ്റപണികളും മറ്റ് അടിയന്തിര പ്രവൃത്തികളും<br><br>**<u>ഭൂജലവകുപ്പ്</u>**<br><br>സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന വരൾച്ച നേരിടുന്നതിനായി 1240.33 ലക്ഷം രൂപ രാജീവ്ഗാന്ധി പദ്ധതിയിൻ കീഴിൽ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. കുഴൽ കിണർ നിർമ്മാണവും, കൈപമ്പുകളുടെ അറ്റകുറ്റപണികളും, ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവുമാണ് ഭൂജലവകുപ്പ് ഏറ്റെടുത്ത് നടത്തുന്നത്. 5505 കൈപമ്പുകളുടെ അറ്റകുറ്റപണികൾക്കും, 585 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനുമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 3264 കൈപമ്പുകളുടെ അറ്റകുറ്റപണികളും 105 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**